വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 13/10/2020 തീയതിയിലെ WCD/E8/6975/2020 നമ്പർ ഉത്തരവ്
2) വനിതാ ശിശുവികസന ഡയറക്ടറുടെ 06/01/2026 തീയതിയിലെ DWCD/3/2025 നമ്പർ ഉത്തരവ്

ഉത്തരവ് നം: DWCD/6/2025-E7 തീയതി: 16-01-2026

വനിതാ ശിശുവികസന വകുപ്പിൽ പരാമർശം(2) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ 1 ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം. (81) വരെയുള്ളവർക്ക് ഇതിനോടകം ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ശ്രീമതി ഷീന കെ-യ്ക്ക്(സീനിയോരിറ്റി നം.82) ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് 2025 ലെ പൊതുസ്ഥലംമാറ്റ അപേക്ഷകളിലെ ക്യൂ ലിസ്റ്റ് പരിഗണിച്ച് ചുവടെ പറയുംപ്രകാരം സ്ഥലംമാറ്റം അനുവദിച്ചും ഉദ്യോഗക്കയറ്റത്തിന് അർഹയായ മേൽ സൂചിപ്പിച്ചിട്ടുള്ള സീനിയർ ക്ലർക്കിന് KS&SSR ചട്ടം 28A(1) പ്രകാരം 39300-83000 രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹെഡ് അക്കൗണ്ടന്റ്-സ്ഥലംമാറ്റം

| ക്രമ നം | പേര് ,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ നവീൻ എസ്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ് ,തിരുവനന്തപുരം | ജില്ലാ വനിതാ ശിശുവികസന ഓഫീസ്, കൊല്ലം | അപേക്ഷ |

ഹെഡ് അക്കൗണ്ടന്റ് -ഉദ്യോഗക്കയറ്റം

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി ഷീന കെ<br>സീനിയർ ക്ലർക്ക്<br>ഐ.സി.ഡി.എസ് കണ്ണൂർ റൂറൽ<br>പെൻ നം. 669160 | ഹെഡ് അക്കൗണ്ടന്റ്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ്, തിരുവനന്തപുരം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയ്ക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

സ്ഥലംമാറ്റം/ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ജീവനക്കാരുടെ വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

HARITHA V KUMAR IAS
വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2) സൂപ്രണ്ട്-ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Signed by
Chithra T സൂപ്രണ്ട്
Date: 16-01-2026 16:09:25